ളുമുണ്ടാക്കണം. തെങ്ങു കയറ്റത്തൊഴിലാളികൾക്കുവേണ്ടി സമഗ്രമായ ഒരു ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിക്കണം. കോഴിക്കോട് ജില്ലാ പഞ്ചായത്ത്, തെങ്ങ് കയറ്റത്തൊഴിലാളികൾക്കുവേണ്ടി ഒരു ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ട്. തൊഴിലാളിയുടെ കയ്യിൽനിന്ന് ചെറിയ ഒരു പ്രീമിയം അതായത് 10 രൂപ വാങ്ങിച്ച് 50 രൂപ ജില്ലാ പഞ്ചായത്ത് വഴി നൽകി, ഒരു ലക്ഷം രൂപ അവർക്ക് കൊടുക്കാനുള്ള പദ്ധതി ഉണ്ട്. എന്റെ നിർദ്ദേശം ഇതു സംബന്ധിച്ച് സമഗ്രമായ പരിശോധന നടത്തി തീരുമാനമുണ്ടാക്കണമെന്നാണ്. അതിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും പ്രതിപക്ഷത്തുനിന്നും ഒന്നോരണ്ടോ പേരെവീതം നോമിനേറ്റ് ചെയ്ത് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ച് ആറുമാസം കൊണ്ട് ഇതിനെ സംബന്ധിച്ച് സമഗ്രമായി പരിശോധിച്ച് ഒരു നിയമ നിർമ്മാണം കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ച മരംകയറ്റത്തൊഴിലാളികളെ സംബന്ധിച്ച കാര്യങ്ങൾ പൂർണ്ണമായും ശരിയാണ്. ഇത്ര കഷ്ടത അനുഭവിക്കുന്ന നിരപരാധികളായ വേറെ ഒരു വിഭാഗം തൊഴിലാളികളുമില്ല. അവരുടെ ആനുകൂല്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്. മരം കയറ്റത്തൊഴിലാളികളുടേയും കവുങ്ങ് കയറ്റ തൊഴിലാളികളുടേയും മിനിമം വേജസ് പുതുക്കി നിശ്ചയിക്കുന്നതിന് ഒരു മിനിമം വേതന കമ്മിറ്റിയെ നിയമിക്കാൻ തീരുമാനിക്കുകയും ഇക്കാര്യത്തിന് 7.4.1999-ന് മന്ത്രിസഭയുടെ അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. സ്റ്റാഫിന്റെ പോസ്റ്റ് ക്രിയേഷനു വേണ്ടി മന്ത്രിസഭയുടെ അനുമതി വേണ്ടിവന്നു. കഴിഞ്ഞ 7-ാം തീയതി കൂടിയ മന്ത്രിസഭ അതിന് അനുമതി നൽകിയിട്ടുണ്ട്. കമ്മിറ്റി രൂപീകരിക്കുന്നതുസംബന്ധിച്ച് നോട്ടിഫിക്കേഷൻ ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഈ കമ്മിറ്റി അതിന്റെ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുന്നത് വിശദമായ തെളിവെടുപ്പിന് ശേഷമാണ്. കേരളത്തിലെ മരംകയറ്റത്തൊഴിലാളികൾക്ക് ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അവർക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ക്ഷേമനിധി രൂപീകരിക്കുന്നതിനായി ലേബർ കമ്മിഷണർ സമർപ്പിച്ച ബിൽ സർക്കാർ വിശദമായി പരിശോധിച്ചുവരികയാണ്. മരംകയറ്റത്തൊഴിലാളികളുടെ ബുദ്ധിമുട്ടുകളെ സംബന്ധിച്ചും അവർക്ക് നൽകേണ്ട പരിരക്ഷയെ സംബന്ധിച്ചും പഠിക്കുന്നതിന് ഒരു കമ്മിറ്റിയെ നിയോഗിക്കണമെന്ന നിർദ്ദേശം പ്രായോഗികമാണോയെന്ന് ഗവണ്മെന്റ് പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

(12) ഫിഷ് ലാന്റിംഗ് സെന്ററുകൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എളമരം കരീം : സർ, നമ്മുടെ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ വളരെ ഗൗരവമായ ഒരു പ്രശ്നം മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. മത്സ്യത്തൊഴിലാളികൾ കടലിൽപോയി പിടിച്ചുകൊണ്ടുവരുന്ന മത്സ്യം കരയ്ക്കിറക്കുന്നതിനും വിപണനം നടത്തുന്നതിനും പരിമിതമായ ഫിഷിംഗ് ഹാർബർ സൗകര്യം മാത്രമാണ് ഇന്ന് സംസ്ഥാനത്തുള്ളത്. നിലവിലുള്ള ഫിഷിംഗ് ഹാർബറുക

LIBRARY ARCHIVES Kerala Legislative Assembly

ളിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കുപോലും അവരുടെ വള്ളങ്ങൾ അടുപ്പിക്കുന്നതിനും മത്സ്യം കരയ്ക്ക് അടുപ്പിക്കുന്നതിനുമുള്ള സൗകര്യങ്ങളില്ല. ഈ അവസ്ഥയ്ക്ക് പരിഹാരമുണ്ടാകണം. മത്സ്യത്തൊഴിലാളികളുടെ സംഘടനകൾ നിരവധിതവണ ഗവൺമെന്റിനെ സമീപിച്ച് ഇക്കാര്യം ആവശ്യപ്പെടുകയുണ്ടായി. മത്സ്യത്തൊഴിലാളികൾ കൂട്ടായി താമസിക്കുന്ന പ്രദേശങ്ങൾക്കടുത്ത് കടൽ പ്രദേശങ്ങളിൽ ഫിഷ്‌ലാന്റിംഗ് സെന്ററുകൾ സ്ഥാപിക്കുന്നതിന് അടിയന്തിരനടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി : (ശ്രീ. ടി.കെ. രാമകൃഷ്ണൻ) : സർ, കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനും ധനസഹായത്തിനുമായി മത്സ്യമേഖലയിലെ വിവിധ വികസന പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. അവയിൽ ചില പദ്ധതികൾക്ക് കഴിഞ്ഞമാസംതന്നെ അംഗീകാരം കിട്ടിയിട്ടുണ്ട്. പരമ്പരാഗതമേഖലയിൽ ഫിഷ് ലാന്റിംഗ് സെന്ററുകൾ അനുവദിക്കുന്നതിനായി സമർപ്പിച്ചിരുന്ന പദ്ധതികളിൽ നാല് ഫിഷ് ലാന്റിംഗ് സെന്ററുകൾ അനുവദിച്ചിട്ടുണ്ട്. ഇവയ്ക്ക് 50 ശതമാനം കേന്ദ്ര സഹായം ലഭിക്കുന്നതാണ്. കാസർകോഡ് ജില്ലയിലെ കാഞ്ഞങ്ങാട് 28.42 ലക്ഷം രൂപ ചെലവിലും കോഴിക്കോട് ജില്ലയിലെ തിക്കോടിയിൽ 49.25 ലക്ഷം രൂപ ചെലവിലും തിരുവനന്തപുരം ജില്ലയിലെ പൂവാറിൽ 26.99 ലക്ഷം രൂപ ചെലവിലും പത്തനംതിട്ട ജില്ലയിലെ കടപ്രയിൽ 18.52 ലക്ഷം രൂപ ചെലവിലും ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കുവേണ്ടി ഫിഷ് ലാന്റിംഗ് സെന്ററുകൾ സ്ഥാപിക്കാൻവേണ്ടി ഒരു കോടി ഇരുപത്തിമൂന്ന് ലക്ഷംരൂപയുടെ പദ്ധതികൾക്ക് മാർച്ച് 24-ാം തീയതി കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതികളുടെ നിർമ്മാണപ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ്. കൂടാതെ ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ (എൻ.സി.ഡി.സി) സഹായത്തോടെ മൽസ്യഫെഡ്‌വഴി ഫിഷ് ബൂത്തുകൾ തുടങ്ങുന്നതിന് കേന്ദ്ര ഭക്ഷ്യസംസ്ക്കരണ മന്ത്രാലയത്തിന്റെ ഗ്രാന്റിനും അപേക്ഷിച്ചിരുന്നു. ഇതിൽ 80 ബൂത്തുകൾ തുടങ്ങുന്നതിന് ഒരു കോടി എട്ടുലക്ഷം രൂപ ഗ്രാന്റായി കേന്ദ്ര ഭക്ഷ്യസംസ്ക്കരണ മന്ത്രാലയം അനുവദിച്ചിട്ടുണ്ട്. മറ്റൊരു പദ്ധതിവഴി മത്സ്യമാർക്കറ്റിംഗ് ശക്തിപ്പെടുത്തുന്നതിന് 399 ലക്ഷം രൂപ എൻ.സി.ഡി.സി. അനുവദിച്ചിട്ടുണ്ട്. ഇതിൽ 143.50 ലക്ഷം രൂപ ചെലവിൽ 100 ഫിഷ് ബൂത്തുകൾ തുടങ്ങുന്നതിന് ഭക്ഷ്യസംസ്ക്കരണ മന്ത്രാലയം ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 180 ഫിഷ് ബൂത്തുകൾ തുടങ്ങുന്നതിന് രണ്ടു കോടി അൻപത്തിയൊന്ന് ലക്ഷം രൂപ കേന്ദ്രത്തിൽനിന്ന് ഗ്രാന്റായി ലഭിക്കുന്നതാണ്. മൽസ്യത്തൊഴിലാളി സ്ത്രീകൾക്ക് പുതിയ തൊഴിലവസരങ്ങൾ കണ്ടുപിടിക്കാനായി രൂപം നൽകിയിട്ടുള്ള അലങ്കാര മൽസ്യക്കൃഷി പദ്ധതിക്ക് കേന്ദ്ര വനിതാശിശുക്ഷേമവകുപ്പിൽ നിന്നും 48 ലക്ഷം രൂപ ഗ്രാന്റായി കിട്ടിയിട്ടുണ്ട്. മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ഉൾനാടൻ മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങൾക്കും എൻ.സി.ഡി.സി. സഹായം അനുവദിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുണ്ട്. ഇത്രയും പദ്ധതികൾക്കാണ് കേന്ദ്രാനുമതി ലഭിച്ചിട്ടുള്ളത്.

(13) ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കുള്ള വൈദ്യുതി കണക്ഷൻ

ശ്രീ. കെ.പി. രാജേന്ദ്രൻ : കൃഷി വകുപ്പ്, ഇറിഗേഷൻ വകുപ്പ്, ജനകീയാസൂത്രണപദ്ധതി എന്നിവയുമായി ബന്ധപ്പെട്ട് നടക്കുന്ന വിവിധ

LIBRARY ARCHIVES Kerala Legislative Assembly